## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *288 — 21/08/2017-ൽ മറുപടിയ്ക്ക്

## ലൈഫ് മിഷൻ പദ്ധതിക്കായി ഭൂമി

| ചോദ്യം<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>,, റോജി എം. ജോൺ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അനിൽ അക്കര | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കുടുംബശ്രീ സംവിധാനങ്ങളിലൂടെ നടത്തിയ ലൈഫ് മിഷൻ സർവ്വെയിൽ എത്ര കുടുംബങ്ങൾക്കാണ് പാർപ്പിടം ഇല്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്; | (എ) | കുടുംബശ്രീ നടത്തിയ സർവ്വേയിൽ പ്രാഥമികമായി ഭവനരഹിതരായി 506904 പേരെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 373138 ഭൂരഹിത ഭവനരഹിതരും 133766 ഭൂമിയുള്ള ഭവന രഹിതരുമാണുള്ളത്. |
| (ബി) | പദ്ധതിക്കായി ഇതിനകം എത്ര ഏക്കർ ഭൂമി കണ്ടെത്തി; പദ്ധതിക്കായി സൗജന്യമായി ഭൂമി ലഭ്യമാക്കുന്നതിന് പ്രത്യേക യജ്ഞം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | 123 ഏക്കർ ഭൂമി ഇതുവരെ കണ്ടെത്തിയിട്ടുണ്ട്. ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് സ്വമേധയാ ഭൂമി സംഭാവന ചെയ്യുന്നതിലേക്കായി ഒരു യജ്ഞം ആരംഭിക്കുവാനും ആയതിന് 2017 ഒക്ടോബർ 2 ന് ബഹു. മുഖ്യമന്ത്രിയുടെ ഉദ്ഘാടനത്തോടെ തുടക്കം കുറിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ധനസമാഹരണത്തിനായി വ്യാപാരികളുടെയും വ്യവസായികളുടെയും സഹകരണം തേടിയിട്ടുണ്ടോ; അവരുടെ പ്രതികരണം എന്താണ് എന്ന് വെളിപ്പെടുത്തുമോ; | (സി) | ധനസമാഹരണത്തിനായി വ്യാപാരികളുടെയും വ്യവസായികളുടെയും സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | എന്നത്തേക്ക് പദ്ധതിയുടെ പ്രാരംഭഘട്ടമെങ്കിലും പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്? | (ഡി) | പദ്ധതിയുടെ പ്രാരംഭഘട്ടമായ ഗുണഭോക്താക്കളെ കണ്ടെത്തൽ 2017 സെപ്റ്റംബറിൽ പൂർത്തീകരിക്കുന്നതാണ്. പദ്ധതി അഞ്ചുവർഷം കൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ